"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോവഡ്-19 പ്രതിരോധ നടപടികൾ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒത്തു ചേർന്ന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ രൂപീകരണം - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ.)വകുപ്പ്

സ.ഉ.(സാധാ) നം.713/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/03/2020

---

പരാമർശം : ധനകാര്യവകുപ്പിന്റെ 23/03/2020-ലെ 1152820/ധവ.2/107/2019-ഫിൻ നമ്പർ അനൗദ്യോഗിക കുറിപ്പ്

ഉത്തരവ്

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ച ആശ്വാസനടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും കുടുംബശ്രീയ്ക്ക് അനുവദിച്ച 23.64 കോടി രൂപ കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രാരംഭ ചെലവുകൾക്കായി വിനിയോഗിക്കുന്നതിന് പരാമർശം പ്രകാരം ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

2. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒത്തുചേർന്നു കൊണ്ടാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കേണ്ടത്. കുടുംബശ്രീയുടെ നിലവിലെ ക്യാൻറീൻ/കാറ്ററിംഗ് സൗകര്യങ്ങൾ എന്നിവയ്ക്ക് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റോറിയങ്ങൾ, ഹോസ്റ്റലുകൾ, നിലവിലെ പാചകക്കാർ എന്നിവരുടെ അടിസ്ഥാന സൗകര്യങ്ങളോ ഉചിതമായ മറ്റ് സൗകര്യങ്ങളോ ഉപയോഗിച്ചു കൊണ്ട് കമ്മ്യൂണിറ്റി കിച്ചണുകൾ ദ്രുതഗതിയിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും ആവശ്യത്തിനനുസരിച്ച് ഒന്നോ ഒന്നിലധികമോ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങുവാൻ വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ചേർന്ന് സ്വീകരിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ 10 വാർഡുകൾക്ക് ഒന്ന് എന്ന രീതിയിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കാവുന്നതാണ്. പാലിയേറ്റീവ് സംഘടനകൾ, ഇതര സന്നദ്ധ സംഘടനകൾ തുടങ്ങിയവർ നിലവിൽ നടത്തി വരുന്ന കമ്മ്യൂണിറ്റി കിച്ചണുമായി സഹകരിച്ചു കൊണ്ടും കുടുംബശ്രീ സംരംഭകയൂണിറ്റുകൾക്ക് 20 രൂപയുടെ ഉച്ചയൂണ് വിതരണം ഏറ്റെടുക്കാവുന്നതാണ്.

3. കമ്മ്യൂണിറ്റി കിച്ചണുകളിൽ 500 മുതൽ 1000 പേർക്ക് വരെ ഭക്ഷണം തയ്യാറാക്കുവാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം. പ്രാദേശിക ആവശ്യങ്ങൾക്ക് ഉതകുന്ന തരത്തിൽ 100 മുതൽ 200 പേർക്ക് വരെ ഉച്ചയൂണ് വിതരണം ചെയ്യാൻ കഴിയുന്ന ഒന്നിലധികം കിച്ചണുകളും രൂപീകരിക്കാവുന്നതാണ്. കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പ് ഒരു കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റിനെ ഏൽപ്പിക്കാവുന്നതും ആവശ്യമെങ്കിൽ ദിവസവേതന അടിസ്ഥാനത്തിൽ

ആളുകളെ ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതുമാണ്. ഇത്തരം കമ്മ്യൂണിറ്റി കിച്ചണുകളിൽ വിതരണത്തിനായി പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചിരിക്കണം. ഊണിനൊപ്പമുള്ള തൊട്ടുകറികളിൽ ഒരു ഇലക്കറി ഉൾപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. ഉച്ചയൂണ് വീട്ടുകളിൽ എത്തിക്കുന്നതിനായി പ്രാദേശികമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വോളന്റിയർ ടീം രൂപീകരിക്കാവുന്നതാണ്. ഇത്തരം വോളന്റിയർ ടീം വീട്ടുകളിൽ ഭക്ഷണമെത്തിക്കുമ്പോൾ ഒരു ഊണിന് അധികമായി 5 രൂപ ചാർജ്ജ് ഈടാക്കാവുന്നതാണ്. വിദേശത്തു നിന്നും വരികയോ അല്ലാതെയോ ക്വാറന്റയിൻ/ഐസൊലേഷനിൽ കഴിയുന്നവർ, കിടപ്പ രോഗികൾ, വയോജനങ്ങൾ, തെരുവുകളിൽ താമസിക്കുന്നവർ, ലോഡ്ജ് മുറികളിൽ താമസിക്കുന്നവർ തുടങ്ങി ആവശ്യക്കാർക്ക് ഭക്ഷണം ലഭിക്കുന്നതിന് മുൻകൂർ ബുക്കിംഗിനായി (എസ്.എം.എസ്/ വാട്സ് ആപ്പ് മുഖേന) ചുരുങ്ങിയത് രണ്ട് ഫോൺ നമ്പർ വീതം ഓരോ യൂണിറ്റും നോട്ടീസ് ബോർഡുകൾ/മാധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മുകളിൽ പറഞ്ഞവരല്ലാത്ത വിഭാഗം ആവശ്യക്കാർക്കും കമ്മ്യൂണിറ്റി കിച്ചൺ മുഖാന്തിരം പാർസൽ /പൊതിച്ചോർ ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ളതിൽ അധികം വില ആരെങ്കിലും ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

4. പഞ്ചായത്തിലെ നിർദ്ധനർ, അഗതി കുടുംബങ്ങൾ, കിടപ്പുരോഗികൾ, ഭിക്ഷാടകർ തുടങ്ങിയവർക്ക് കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും സൗജന്യമായി ഭക്ഷണം ലഭ്യമാക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനാവശ്യമായി വരുന്ന തുക സംഭാവനകൾ വഴിയോ സ്പോൺസർഷിപ്പ് മുഖേനയോ സ്വീകരിക്കാവുന്നതും, അല്ലാത്തപക്ഷം തദ്ദേശസ്ഥാപനങ്ങൾക്ക് തനത് / വികസന ഫണ്ടിൽ നിന്ന് ചെലവാക്കാവുന്നതുമാണ്. സൌജന്യ ഭക്ഷണത്തിന് അർഹരായവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണം. സൌജന്യ ഭക്ഷണ വിതരണം തദ്ദേശ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള റാപിഡ് റെസ്പോൺസ് ടീം (RRT) മുഖേന നടത്തേണ്ടതാണ്. RRT അംഗങ്ങൾക്കും ഭക്ഷണ വിതരണം നടത്തുന്ന മറ്റ് വോളന്റിയർ ടീം അംഗങ്ങൾക്കും യാത്രാ തടസ്സം ഉണ്ടാകാതിരിക്കാൻ പോലീസിൽ നിന്ന് പാസ് വാങ്ങി നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതല ആയിരിക്കും.

5. സർക്കാർ വകയിരുത്തിയ പദ്ധതി വിഹിതത്തിൽ നിന്നും കമ്മ്യൂണിറ്റി കിച്ചൺ രൂപീകരണത്തിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 50,000 രൂപയിൽ അധികരിക്കാത്ത തുക ധനസഹായം അനുവദിക്കേണ്ടതാണ്. കൂടാതെ, കിച്ചണുകൾ വഴി വിതരണം ചെയ്യുന്ന ഓരോ ഊണിനും 10 രൂപ സബ്സിഡിയായി കുടുംബശ്രീ ജില്ലാ മിഷൻ യൂണിറ്റുകൾക്ക് നേരിട്ട് നൽകേണ്ടതാണ്. പാലിയേറ്റീവ് സംഘടനകൾ / സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ച് 20 രൂപയുടെ ഉച്ചയൂണ് വിതരണം ചെയ്യുന്ന കുടുംബശ്രീ സംരംഭക യൂണിറ്റുകൾക്കും മേൽ സബ്സിഡി നൽകേണ്ടതാണ്. കമ്മ്യൂണിറ്റി കിച്ചണുകൾ സബ്സിഡിക്കായുള്ള ക്ലെയിമുകൾ രണ്ട് ആഴ്ച്ച കൂടുമ്പോൾ പഞ്ചായത്ത് മെമ്പർസെക്രട്ടറിയുടെ ശിപാർശയോടു കൂടി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. കണക്കുകളും, ഹാജർ നിലയും, സ്റ്റോക്ക് രജിസ്റ്ററും നിർദ്ദിഷ്ട മാതൃകയിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പാലിക്കപ്പെടേണ്ട ആരോഗ്യ നിബന്ധനകൾ എല്ലാ കമ്മ്യൂണിറ്റി കിച്ചണുകളും പാലിക്കേണ്ടതുണ്ട്. കിച്ചൺ യൂണിറ്റ് അംഗങ്ങളും വിതരണക്കാരും യൂണിറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റുള്ളവരും നിർബന്ധമായും മാസ്കും കയ്യുറകളും ധരിക്കേണ്ടതും, എല്ലാവരും ഹെൽത്ത് കാർഡ് ഉള്ളവരാണെന്ന് ഉറപ്പാക്കേണ്ടതുമാണ്. പാചകത്തിന് ഉപയോഗിക്കുന്ന വെള്ളം ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പു വരുത്തിയിരിക്കേണ്ടതാണ്.

7. കമ്മ്യൂണിറ്റി കിച്ചന്റെ കാര്യക്ഷമമായ മേൽനോട്ടത്തിന് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാൻഡിംഗ് കമ്മിറ്റി

ചെയർപേഴ്സൺ, കുടുംബശ്രീയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, മെമ്പർസെക്രട്ടറി, വാർഡ് മെമ്പർ, സി.ഡി.എസ്. ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ, സന്നദ്ധ പ്രവർത്തകൻ, തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന സംഘടനാ പ്രതിനിധി എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരിക്കണം.

8. കമ്മ്യൂണിറ്റി കിച്ചണുകൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെ എസ്റ്റാബ്ലിഷ്മെൻറ് പെർമിറ്റ് ലഭിക്കുവാൻ ആവശ്യമായ നടപടികൾ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ സപ്ലൈ ഓഫീസർ മുഖേന 2020 ഏപ്രിൽ ഒന്നിന് മുൻപായി പൂർത്തിയാക്കേണ്ടതും പെർമിറ്റ് ഉപയോഗിച്ച് ആവശ്യമായ അരി തൊട്ടടുത്തുള്ള റേഷൻ ഡിപ്പോകളിൽ നിന്ന് കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കേണ്ടതുമാണ്. ആവശ്യമായ പലവ്യഞ്ജനങ്ങളും പച്ചക്കറികളും സപ്ലൈകോ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും, സംഘകൃഷി ഗ്രൂപ്പുകൾ, പ്രാദേശിക കർഷകർ, കുടുംബശ്രീ സംരംഭക യൂണിറ്റുകൾ തുടങ്ങിയ സംവിധാനങ്ങളിൽ നിന്നും സംഭരിക്കേണ്ടതും അവ ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പാക്കിയിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

എല്ലാ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്മാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്മാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടംബശ്രീ, തിരുവനന്തപുരം.
സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ധനകാര്യ (ഡവ.2) വകുപ്പിന്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്